DESPATCHED On..25/02/2020

4/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.305(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.9459/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. സി.എച്ച്. ബാലകൃഷ്ണൻ,
ലക്ഷ്മി നഗർ,
തെരുവത്ത്,
പി.ഒ. കാഞ്ഞങ്ങാട്,
കാസറഗോഡ് – 671 315.
} പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ കളക്ടറേറ്റ്,
കാസറഗോഡ്.

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ ഇൻഫർമേഷൻ ഓഫീസ്,
കാസറഗോഡ്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27/05/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01/06/2016, 16/06/2016 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 27/07/2016 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 30/07/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/08/2016, 22/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സി.എച്ച്. ബാലകൃഷ്ണൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ല എന്നാണ് അറിയിച്ചതെന്നും എന്നാൽ ജില്ലാ ഇൻഫർമേഷൻ ഡിപ്പാർട്ട്മെന്റ് പുറത്തിറക്കിയ 2016–ലെ മീഡിയ ഡയറക്ടറിയിലെ 38, 39 പേജുകളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. കാസർഗോഡ് ജില്ലയിലെ നീലേശ്വരം പോലീസ് സ്റ്റേഷന്റെ സമീപത്ത് പ്രവർത്തിക്കുന്ന 'സീനെറ്റ് ചാനൽ', കാഞ്ഞങ്ങാട് ഇക്ബാൽ റോഡിൽ പ്രവർത്തിക്കുന്ന സിറ്റി ചാനൽ, ഉദുമ ടൗണിൽ പ്രവർത്തിക്കുന്ന 'കാസറഗോഡ് വിഷൻ' ചാനൽ, കാസറഗോഡ് ടൗണിൽ പ്രവർത്തിക്കുന്ന 'കെ.സി.എൻ.' ചാനൽ എന്നിവയ്ക്ക് വാർത്ത സംപ്രേക്ഷണം ചെയ്യുന്നതിന് ഔദ്യോഗിക അനുമതി ഉണ്ടോ എന്നും കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും എങ്കിൽ രജിസ്ട്രേഷൻ നമ്പറും ഉടമസ്ഥന്റെ പേരും മേൽവിലാസവും നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലേയ്ക്കായി ഹർജിക്കാരന്റെ അപേക്ഷ കാസറഗോഡ് ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്നാണ്. ആയതിനെ തുടർന്ന് കാസറഗോഡ് ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ വിവരങ്ങൾക്ക് ആസ്പദമായ യാതൊന്നും എതിർകക്ഷി ഓഫീസിൽ ലഭ്യമല്ല എന്നാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, നിലവിലുള്ള ചാനലുകൾക്കും പുതിയ ചാനലുകൾക്കും പ്രവർത്തനാനുമതി നൽകുന്നതും അത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതും ലൈസൻസ് നൽകുന്നതും കേന്ദ്ര സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് വിഭാഗമാണെന്നും ചാനലുകൾക്ക് ലൈസൻസ് നൽകുന്ന പ്രക്രിയയിൽ ഏതെങ്കിലും തരത്തിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഭാഗമാവുന്നില്ല എന്നും ആയതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ലഭ്യമല്ല എന്നു ഹർജിക്കാരനെ അറിയിച്ചതെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ രണ്ടാം എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്നില്ല എന്നു കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)